**കേരള സർക്കാർ**

**ധനകാര്യ (സ്ലീംലൈനിംഗ്) വകുപ്പ്**

നം. 73/2017/ധന                                  തിരുവനന്തപുരം, തീയതി 27.09.2017

## സർക്കുലർ

വിഷയം - വിവരാവകാശ നിയമപ്രകാരമുള്ള പണമൊടുക്കുന്നതിനാവശ്യമായ സൗകര്യം ഇ - ട്രഷറി സംവിധാനത്തിൽ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന - ട്രഷറി ഡയറക്ടറുടെ 19.08.2017 ലെ ഇ-ട്രഷറി/12478/2017 നമ്പർ കത്ത്

ഇ-ട്രഷറി സംവിധാനം മുഖേന വിവരാവകാശ നിയമപ്രകാരമുള്ള ഫീസടയ്ക്കാൻ പറ്റുന്നില്ല എന്ന പരാതിയിന്മേൽ ഇ-ട്രഷറി വഴി ഇടപാടുകൾ നടത്തുന്ന എല്ലാ വകുപ്പുകൾക്കും വിവരാവകാശ നിയമപ്രകാരമുള്ള ഫീസടയ്ക്കുന്നതിനുള്ള ശീർഷകം ഉൾപ്പെടുത്തുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും നിലവില്ലായെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൂടാതെ എല്ലാ വകുപ്പുകൾക്കും ഇ-ട്രഷറി വഴി വിവരാവകാശ നിയമപ്രകാരമുള്ള പണമൊടുക്കുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് ഓഫീസ് സംബന്ധമായ പ്രാഥമിക വിവരങ്ങൾ അതാത് വകുപ്പുകൾ ട്രഷറി വകുപ്പിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം സർക്കാർ തലത്തിൽ നൽകണമെന്നും സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇ-ട്രഷറി വഴി വിവരാവകാശ നിയമപ്രകാരമുള്ള പണമൊടുക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന് ഓഫീസ് സംബന്ധമായ പ്രാഥമിക വിവരങ്ങൾ അതാത് വകുപ്പുകൾ, ട്രഷറി വകുപ്പിന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികളേയും ഇതിനാൽ അറിയിക്കുന്നു.

ഇത് സംബന്ധിച്ച് തുടർ കത്തിടപാടുകൾ വകുപ്പ് മേധാവികളുമായി നടത്തി, പുരോഗതി റിപ്പോർട്ട് രണ്ട് മാസത്തിനകം ട്രഷറി ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

**ടി. കാഞ്ചന**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ